"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - കാസറഗോഡ് ജില്ലയിൽ പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട ശ്രീ. അബ്ദുൽ റഹ്മാൻ എന്ന വ്യക്തിക്ക് ചികിത്സാ സഹായം അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1997/2024/LSGD തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/08/2024-ലെ LSGD/PD/26583/2024-SPMC1 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ശ്രീ. അബ്ദുൾ റഹ്മാൻ (ഇ പി ഐ പി ഐ ഡി 23918) എന്ന വ്യക്തിക്ക് ക്യാൻസർ സംബന്ധമായ ചികിത്സക്കായി 2,53, 762/- രൂപ ചെലവായതായും ടിയാൾക്ക ചികിത്സക്കായി ചെലവായ തുക അനുവദിച്ച നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്തു ഭരണ സമിതി തീരുമാനം, ജില്ലാ മെഡിക്കൽ ബോർഡിൻറെ ശുപാർശ എന്നിവ ഉൾപ്പെടെ കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നതായും ശ്രീ. അബ്ദുൽ റഹ്മാൻ എന്ന വ്യക്തിയുടെ രോഗാവസ്ഥയും നിലവിലെ അടിയന്തര സാഹചര്യവും കണക്കിലെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചികിത്സാ സഹായം നൽകുന്നതിനുള്ള അനുമതി നൽകിയ നടപടിക്കുള്ള സാധൂകരണം ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, 2024-25 സാമ്പത്തിക വർഷത്തിൽ അതിദരിദ്രർക്കായുള്ള ചികിത്സാ സഹായത്തിനു വകയിരുത്തിയിട്ടുള്ള തുക ലഭ്യമാകുന്ന മുറക്ക് ചെലവായ തുക തിരികെ നല്കാമെന്ന വ്യവസ്ഥയിൽ ശ്രീ. അബ്ദുൾ റഹ്മാൻ (ഇ പി ഐ പി ഐ ഡി 23918) എന്ന വ്യക്തിക്ക് ക്യാൻസർ സംബന്ധമായ ചികിത്സക്കായി ജില്ലാ മെഡിക്കൽ ബോർഡ് ശിപാർശ ചെയ്തിട്ടുള്ള 2,53,762/- രൂപ (രൂപ രണ്ടു ലക്ഷത്തി അൻപത്തി മൂവായിരത്തി എഴുന്നൂറ്റി അറുപത്തി രണ്ടു മാത്രം) പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കിയ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/290/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 21-10-2024 16:30:43
സെക്ഷൻ ഓഫീസർ